വർഷം	100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം	100 ദിവസം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ ശതമാനം (രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ അടിസ്ഥാനത്തിൽ)
2011-12	124821	6.61
2012-13	340483	13.23
2013-14	406614	14.34
2014-15	98648	3.25
2015-16 (17-2-2016 വരെ)	32711	1.64

തൊഴിലുറപ്പ് തൊഴിലാളികൾ

31 (2859) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികൾക്ക് കഴിഞ്ഞ 5 വർഷങ്ങളിൽ ശരാശരി എത്ര ദിവസമാണ് തൊഴിൽ ലഭിച്ചതെന്ന് വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് എത്ര കുടുംബങ്ങളാണ് ഇതുവരെ പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളത്; എത്ര കുടുംബങ്ങൾക്ക് കഴിഞ്ഞ വർഷങ്ങളിൽ തൊഴിൽ ലഭിച്ചു; വർഷം, ജില്ല എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) തൊഴിലുറപ്പ് തൊഴിലാളികൾക്ക് കൂലിയിനത്തിൽ എത്ര രൂപയാണ് നിലവിൽ കുടിശ്ശികയുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ കഴിഞ്ഞ അഞ്ചുവർഷങ്ങളിൽ ലഭിച്ച ശരാശരി തൊഴിൽ ദിനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	സൃഷ്ടിച്ച ശരാശരി തൊഴിൽ ദിനങ്ങൾ
2011-12	45
2012-13	49
2013-14	57
2014-15	42
2015-16 (16-1-2016 വരെ)	41

LIBRARY ARCHIVES Kerala Legislative Assembly

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 വരെ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു:

2012-13	-	19463
2013-14	-	416884
2014-15	-	443645
2015	-	267277 (31-1-2016 വരെ)

(ബി) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 16-2-2016-ലെ കണക്ക് പ്രകാരം, സംസ്ഥാനത്ത് 31.71 ലക്ഷം കുടുംബങ്ങൾ പേര് രജിസ്റ്റർ ചെയ്ത് തൊഴിൽ കാർഡ് വാങ്ങിയിട്ടുണ്ട്. 2011-12 മുതൽ നാളിതുവരെ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം, ജില്ല തിരിച്ച് അനുബന്ധം ആയി ചേർത്തിരിക്കുന്നു*.

അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ സംസ്ഥാനത്ത് നാളിതുവരെ 175384 പേർ അംഗങ്ങളായിട്ടുണ്ട്. 2012-13 സാമ്പത്തിക വർഷം മുതൽ 2015-16 വരെ 78715 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമായിട്ടുണ്ട്. 2012-13 സാമ്പത്തികവർഷം മുതൽ നാളിതുവരെ തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള കണക്ക് ചുവടെ പറയുന്നു:

1. തിരുവനന്തപുരം	-	10932
2. കൊല്ലം	-	4444
3. പത്തനംതിട്ട	-	2944
4. ആലപ്പുഴ	-	4811
5. കോട്ടയം	-	3490
6. എറണാകുളം	-	9315
7. ഇടുക്കി	-	450
8. തൃശ്ശൂർ	-	11525
9. പാലക്കാട്	-	6317
10. വയനാട്	-	2404
11. കോഴിക്കോട്	-	10707
12. മലപ്പുറം	-	5057
13. കണ്ണൂർ	-	2484
14. കാസർഗോഡ്	-	3835

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സംസ്ഥാനത്ത് മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 17,319.09 ലക്ഷം രൂപ വേതനം കുടിശ്ശികയുണ്ട്. ജില്ലതിരിച്ചുള്ള കണക്ക് അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു*.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ പണിയെടുത്ത തൊഴിലാളികൾക്ക് നാളിതുവരെ കൂലിയിനത്തിൽ കുടിശ്ശിക ഒന്നുംതന്നെ നൽകാനില്ല.

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

32 (2860) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം വേതന ഇനത്തിൽ എത്ര തുക കുടിശ്ശികയായിട്ടുണ്ടെന്ന് ജില്ലാ അടിസ്ഥാനത്തിൽ വിശദമാക്കാമോ;

(ബി) കുടിശ്ശിക വിതരണം ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) 17-2-2016-ലെ കണക്ക് പ്രകാരം സംസ്ഥാനത്ത്, മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വേതനയിനത്തിൽ ആകെ 17,319.09 ലക്ഷം രൂപ കുടിശ്ശികയുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം ആയി ചേർക്കുന്നു*.

(ബി) ഉണ്ട്. 1-1-2016 മുതൽ നാഷണൽ ഇ-എഫ്.എം.എസ്. സംവിധാനം വഴി കേന്ദ്ര സർക്കാർ നേരിട്ട് തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് വേതന വിതരണം ചെയ്യുന്ന രീതി അവലംബിച്ചിട്ടുണ്ട്. പ്രവൃത്തിയുടെ മെഷർമെന്റ്, ചെക്ക് മെഷർമെന്റ്, മസ്റ്റർ റോൾ ഡാറ്റാ എൻട്രി, വേജ് ലിസ്റ്റ് തയ്യാറാക്കൽ എന്നിവ സമയബന്ധിതമായി പൂർത്തീകരിച്ച് ഫണ്ട് ട്രാൻസ്ഫർ ഓർഡറുകൾ ഇലക്ട്രോണിക് ആയി തയ്യാറാക്കിയിട്ടുണ്ട്. മേൽപ്പറഞ്ഞ വിധത്തിൽ വേതന വിതരണം നാഷണൽ ഇ-എഫ്.എം.എസ്. സംവിധാനം മുഖേന ആയതിനാൽ കേന്ദ്ര സർക്കാർ ഫണ്ട് അനുവദിച്ചാൽ മാത്രമേ കൂലി, തൊഴിലാളികളുടെ അക്കൗണ്ടിലേക്ക് എത്തിച്ചേരുകയുള്ളൂ. ഇക്കാര്യത്തിൽ സംസ്ഥാനം കേന്ദ്ര സർക്കാരുമായി നിരന്തരം സമ്പർക്കത്തിലാണ്. മാത്രമല്ല, ഈ-എഫ്.എം.എസ്. സംവിധാനത്തിലെ തടസ്സങ്ങൾ യഥാസമയം കണ്ടെത്തി പരിഹരിക്കുന്നതിന് സംസ്ഥാന സർക്കാർ ഒരു കൺസൾട്ടന്റിനെ നിയോഗിക്കുകയും ചെയ്തിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly